സ്ക്കൂളിൽ നിന്നും വൈകുന്നേരം തിരിച്ചെത്തുമ്പോൾ തന്നെ അനന്തൻ ഗേറ്റിലൂടെ സസൂക്ഷ്മം ഉമ്മറത്തേക്കു നോക്കുന്നുണ്ടായിരുന്നു. ഓഹോ, അപ്പൂപ്പൻ ഉമ്മറത്തു ചാരുകസേരയിൽ തന്നെ ഇരിപ്പുണ്ടല്ലോ. ഒരു ദിവസത്തിന്റെ പകുതി സമയം പത്രം വായിക്കുകയാണ് അപ്പൂപ്പന്റെ ഇപ്പോഴത്തെ ഹോബി. അഞ്ച് വിഷയങ്ങളുടെ നോട്ട്ബുക്കും, രണ്ടുമൂന്ന് ടെക്സ്റ്റ്ബുക്കുകളും, ചോറ്റുപാത്രം, കുട എല്ലാംകൂടി പത്ത് കിലയോളംവരും ബാഗിന്റെ ഭാരം. എല്ലാം ചുമന്ന് ബസ്റ്റോപ്പിൽനിന്നും ബസ്സിൽ കയറിപ്പറ്റണമെങ്കിൽതന്നെ ഒരു മണിക്കൂർ കാത്തുനിൽക്കണം. ബസ്സിലാണെങ്കിലോ തിക്കിത്തിരക്കും. ബാഗ് ആരുടെയെങ്കിലും കൈയ്യിൽ കൊടുക്കാം എന്നുകരുതി നോക്കുമ്പോൾ ഇരിക്കുന്ന എല്ലാവർക്കും കാണും നേരത്തേകയറിയ കുട്ടികളുടെ മൂന്നുനാലു ബാഗുകൾ, ബസ്സിൽ നിന്നും ഇറങ്ങുന്ന സമയത്ത് ഒന്നുരണ്ടുപേർക്ക് അമ്മമാരുടെ സഹായം കാണും ബാഗ് ചുമക്കാൻ. എനിക്കാണേൽ അതുമില്ല. അമ്മ ജോലികഴിഞ്ഞുവരുമ്പോൾ ഇനിയും താമസിക്കും. ക്ഷീണിച്ചു വരുമ്പോൾ ഒരു ഗ്ലാസ്സ് ചായയും രണ്ടു ബിസ്കറ്റും തരാൻ അമ്മൂമ്മ കാത്തുനിപ്പുണ്ടാകും വീടിന്റെ ഉമ്മറത്ത്. തറയിൽ കൊണ്ട് ബാഗിട്ട് ഒന്നു നടുവിനു വിശ്രമം കൊടുക്കാം എന്നു കരുതി അവിടെയിരിക്കും. ഉടൻതന്നെ അപ്പൂപ്പൻ തുടങ്ങും ഉപദേശം, "'പോയി കുളിച്ചിട്ടു വരൂ കുട്ടീ. രാവിലെ ഇടുന്ന ഡ്രസ്സിലെല്ലാം വിയർപ്പു പിടിച്ച് മുഷിഞ്ഞിരിക്കുകയല്ലേ, കൈകാലുകളിൽ മുഴുവൻ അഴുക്കല്ലേ. സോപ്പു തേച്ച് സാവധാനം ദേഹം മുഴുവൻ കഴുകി വൃത്തിയാക്കൂ." ഒന്നു മിണ്ടാതിരിക്കൂ അപ്പൂപ്പാ. ഞാൻ വരുന്ന ബുദ്ധിമുട്ടൊന്നും അപ്പൂപ്പന് അറിയാഞ്ഞിട്ടാ. അപ്പൂപ്പൻ വീടിനടുത്തുള്ള സ്ക്കൂളിലല്ലേ പഠിച്ചത്, ഉച്ചക്ക് വീട്ടിൽ വന്നല്ലേ ചോറു കഴിച്ചിരുന്നത്. രാവിലെ രണ്ടു പുസ്തകം, ഉച്ചക്ക് രണ്ടു പുസ്തകം എന്നിവ കൊണ്ടുപോയാല് മതിയായിരുന്നല്ലോ? അതുകൊണ്ടാ എന്നോട് എപ്പോഴും ഇങ്ങനെ പറയുന്നെ. കുറേ കഴിയട്ടെ, ഞാൻ കുളിക്കാം. കൈകാൽ കഴുകാതെ അമ്മൂമ്മ കൊണ്ടുതരുന്ന ചായയും ബിസ്കറ്റും വളരെ സ്വാദോടെ കഴിക്കും. തന്റെ കൈകളിലെ അണുക്കൾ ശരീരത്തിൽ പോകുന്നതറിയാതെ ഇതാവർത്തിച്ചുകൊണ്ടിരുന്നു.

അപ്പൂപ്പന്റെ ഉപദേശങ്ങൾ അധികനാൾ നീണ്ടില്ല. അപ്പൂപ്പന്റെ വിയോഗത്തിൽ വിഷമമുണ്ടായെങ്കിലും എപ്പോഴുമുള്ള ഉപദേശങ്ങൾ ഇനി കേൾക്കണ്ടല്ലോ എന്നാശ്വസിച്ചു.

ദിവസങ്ങളും മാസങ്ങളും വളരെ വേഗം മുന്നോട്ടു പോയി. ഇന്ന് നല്ലൊരു പോലീസ് ഓഫീസറാകാൻ എനിക്കായി. എന്റെ അമ്മൂമ്മയും എന്നെ വിട്ടുപിരിഞ്ഞു. ഇന്ന് എനിക്കൊരു കുടുംബമുണ്ട്. ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന സന്തോഷ കുടുംബം. ഈയവസരത്തിൽ നാടിനെ നടുക്കി ലോകമെമ്പാടും ഒരു മഹാമാരി പടർന്നുപിടിച്ചു. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഒന്നിനൊന്ന് പരിശ്രമിച്ച് തങ്ങളുടെ ജനങ്ങളെ സംരക്ഷിക്കേണ്ടതായി വന്നു. സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ ബോധവത്ക്കരിക്കാനും അവർക്ക് ശുചിത്വം, ഗതാഗത നിയന്ത്രണം തുടങ്ങിയവയുടെ ആവശ്യത്തെക്കുറിച്ച് ക്ലാസ്സുകൾ എടുക്കാനും പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും സഹായം ആവശ്യപ്പെട്ടു. ഒരു പ്രദേശത്തിന്റെ ചുമതല എനിക്കും വന്നു.

ഇന്ന് ഞാൻ ഓരോ വ്യക്തിക്കും ശുചിത്വത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുന്നു.

* പുറത്തുപോയി വന്നാലുടൻ ദേഹം കഴുകണം
* ഡ്രെസ്സ് ഉടൻതന്നെ കഴുകി വൃത്തിയാക്കണം.
* മറ്റുള്ളവരുമായി അടുത്തിടപഴകരുത്.
* നാം ഉപയോഗിക്കുന്ന വസ്തുക്കൾ മാറ്റിവക്കണം.
* വൃത്തിയുള്ള സ്ഥലങ്ങളിൽ നിന്നും മാത്രം ഭക്ഷണം കഴിക്കുക.

ഞാൻ ഓരോ വാചകം പറയുമ്പോഴും എന്റെ അപ്പൂപ്പനെ ഓർക്കുന്നു. അപ്പൂപ്പനും അമ്മൂമ്മയും അച്ഛനമ്മമാരും പറയുമ്പോൾ നിസ്സാരവൽക്കരിക്കുന്ന ഓരോ കാര്യവും ഭാവിയിലെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. വീട്ടിൽ വന്നുകയറുമ്പോൾ അപ്പൂപ്പന്റെ ഫോട്ടോയിൽ നോക്കി ഞാൻ ക്ഷമ ചോദിക്കാൻ മറക്കില്ല. നന്ദൂ, നീ പോയി കുളിച്ചുവരൂ എന്ന് ആ ഫോട്ടോ എന്നോട് മന്ത്രിക്കും.